**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4688 23.07.15-ലെ മറുപടിക്ക്**
**"സംയോജിത ചെക്ക്പോസ്റ്റ്"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രധാന ചെക്ക്പോസ്റ്റുകളിൽ ഉൾപ്പെടെ ചരക്കുലോറിക്കാർക്കും ചരക്കുമായി വരുന്ന മറ്റ് വാഹനങ്ങൾക്കും ദീർഘനേരം പരിശോധനകൾക്കായി കാത്തുകിടക്കേണ്ടതുമൂലം ചരക്കുനീക്കം സുഗമമല്ലാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | കേരള വാറ്റ് നിയമം അനുശാസിക്കുന്ന പ്രകാരം ആവശ്യമായ എല്ലാ രേഖകളുമായി എത്തുന്ന ചരക്ക് വാഹന ങ്ങൾക്ക് നിലവിൽ പരിശോധനകൾക്കായി കാത്തു കിടക്കേണ്ട സാഹചര്യം ഇല്ല. |
| (ബി) | ഈ പ്രശ്നങ്ങൾ ഉന്നയിച്ച് അടിക്കടി ലോറി സമരങ്ങൾ ഉണ്ടാകുകയും ഇത് സംസ്ഥാനത്തിന്റെ അവശ്യസാധന വിപണിയെ ബാധിക്കുകയും ചെയ്യുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്താറുണ്ട്; | (ബി) | ചില ഒറ്റപ്പെട്ട സമരങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ അവശ്യസാധനവിപണിയെ ഈ സമരങ്ങൾ ബാധിച്ചിട്ടില്ല. ഒറ്റപ്പെട്ട സമരങ്ങൾ ഒഴിവാക്കുന്നതിലേക്ക് മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിലും ചർച്ചകൾ നടത്തി ലോറിക്കാർ ഉന്നയിച്ച പ്രശ്ന ങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്. |
| (സി) | ചെക്ക്പോസ്റ്റുകൾ വഴിയുള്ള ചരക്ക ഗതാ ഗതം സുഗമമാക്കുന്നതിന് ചെക്ക് പോസ്റ്റു കളിൽ പരിശോധനകൾക്കായി കൂടുതൽ ജീവനക്കാരെ നിയോഗിച്ചും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാക്കുന്നതിന് തയ്യാറാകുമോ; | (സി) | ചെക്ക്പോസ്റ്റുകൾ വഴി പരിശോധനകൾ നടത്തി ചരക്ക വാഹനങ്ങളുടെ ഗതാഗതം സുഗമമാക്കുന്നതിലേക്ക് നിലവിലുള്ള ജീവനക്കാരെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും പരിഹാരമുണ്ടാക്കിയിട്ടുണ്ട്. കൂടാതെ പരിശോധന കാര്യക്ഷമമാക്കുന്നതിനും ചരക്ക ഗതാഗതം സുഗമമാക്കുന്നതിനും സംയോജിത ചെക്ക്പോസ്റ്റ് സമ്പ്രദായം നടപ്പിലാക്കി വരുന്നു. |
| (ഡി) | സംയോജിത ചെക്ക്പോസ്റ്റ് എന്ന ആശയം പ്രാവർത്തികമാക്കുന്ന കാര്യം | (ഡി) | തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് |

| | | | |
|---|---|---|---|
| | പരിഗണിക്കുമോ? | | പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ വാളയാർചെക്ക് പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. കൂടാതെ മുത്തങ്ങ, ബാംഗ്രമഞ്ചേശ്വരം. ആര്യങ്കാവ്. വഴിക്കടവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെ സംയോജിത ചെക്ക്പോസ്റ്റുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ.**